ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

# സ്ഥിരനിക്ഷേപങ്ങൾ പുതുക്കുന്നതും അവസാനിപ്പിക്കുന്നതും സംബന്ധിച്ച നയം

*(14.02.2019 ലെ 34/04/2018-19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച ഇംഗ്ലീഷിലുള്ള നയത്തിന്റെ മലയാള വിവർത്തനം.)*

1. ഈ നയം ബാങ്കിൽ ഇടപാടുകാർ നിക്ഷേപിച്ചിട്ടുള്ള എല്ലാ കാലാവധി നിക്ഷേപങ്ങൾക്കും ബാധകമായിരിക്കും.

2. ഈ നയം 01.08.2019 മുതൽ നിലവിൽ വരുന്നതായിരിക്കും.

<u>3. സ്ഥിരനിക്ഷേപങ്ങൾ / റീ – ഇൻവെസ്റ്റ്മെന്റ് നിക്ഷേപങ്ങൾ / ആവർത്തന നിക്ഷേപങ്ങൾ</u>

എ) ഈ നിക്ഷേപങ്ങളിൽ കരാർ ചെയ്യപ്പെട്ട പലിശനിരക്കിൽ പലിശ ലഭിക്കുന്നതിനുള്ള അവകാശം കാലാവധി തീയതി വരെ മാത്രമായിരിക്കും.

ബി) കഴിയുന്നതും ഓട്ടോമാറ്റിക് റിന്യൂവൽ സൗകര്യം ഇടപാടുകാർ ഉപയോഗപ്പെടുത്തേണ്ടതാണ്.

സി) കാലാവധി തീയതി കഴിഞ്ഞ ശേഷം സ്ഥിര നിക്ഷേപങ്ങൾ / റീ ഇൻവെസ്റ്റ്മെന്റ് നിക്ഷേപങ്ങൾ അവസാനിപ്പിക്കുന്ന ഇടപാടുകാർക്ക് കാലാവധി തീയതിയ്ക്കു ശേഷം നിക്ഷേപങ്ങൾ അവസാനിപ്പിക്കുന്ന ദിവസം വരെയുള്ള ദിവസങ്ങൾക്ക് നിലവിലുള്ള സേവിംഗ്സ് അക്കൗണ്ട് പലിശനിരക്ക് പ്രകാരം പലിശ നല്കുന്നതാണ്.

ഡി) നിലവിലുള്ള കാലാവധി തീയതിയ്ക്കു ശേഷം 14 ദിവസങ്ങൾക്കുള്ളിൽ (പ്രവൃത്തി ദിവസങ്ങളല്ല) പലിശയോടെയോ, മുതൽ മാത്രമായോ പുതുക്കുന്ന സ്ഥിര നിക്ഷേപങ്ങൾ / റീ ഇൻവെസ്റ്റ്മെന്റ് നിക്ഷേപങ്ങൾക്ക് മാത്രമേ നിലവിലുള്ള കാലാവധി തീയതിയുടെ തുടർച്ചയായി പുതുക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുകയുള്ളൂ. ഇത്തരം നിക്ഷേപങ്ങൾക്കു മാത്രമേ പഴയ കാലാവധി തീയതി മുതൽ പുതുക്കലിന് ഇഫക്ട് ലഭിക്കുകയുള്ളൂ.

ഇ) കാലാവധി തീയതി കഴിഞ്ഞ് 14 ദിവസത്തിനു ശേഷമാണ് പുതുക്കുന്നതിനായി ബാങ്കിനെ സമീപിക്കുന്നതെങ്കിൽ, കാലാവധി വരെ കരാർ പലിശനിരക്കും + അതിനു ശേഷമുള്ള കാലയളവിൽ സേവിംഗ്സ് പലിശനിരക്കും പ്രകാരമുള്ള പലിശ നല്കി നിലവിലുള്ള നിക്ഷേപം അവസാനിപ്പിക്കുകയും, പുതിയ അപേക്ഷ വാങ്ങി പുതിയ തീയതി മുതൽ പുതിയ നിക്ഷേപമായി ചെയ്യാവുന്നതാണ്.

എഫ്) സ്ഥിര നിക്ഷേപങ്ങൾ / റീ ഇൻവെസ്റ്റ്മെന്റ് നിക്ഷേപങ്ങൾ ആരംഭിച്ച് 15 ദിവസത്തിനകം കാലാവധിയ്ക്ക് മുൻപായി അവസാനിപ്പിക്കുകയാണെങ്കിൽ, ആയതിന് യാതൊരു പലിശയും നല്കുന്നതല്ല. യാതൊരു ചാർജ്ജുകളും ഈടാക്കുന്നതുമല്ല.

ജി) മുകളിൽ കൊടുത്തിട്ടുള്ള നിബന്ധനകൾ താഴെ കൊടുക്കുന്ന സന്ദർഭങ്ങളിൽ ബാധകമാണ്.:

1. നിലവിലുള്ള നിക്ഷേപ പദ്ധതിയിൽ തന്നെ പുതുക്കുന്ന സന്ദർഭത്തിൽ
2. മറ്റൊരു നിക്ഷേപ പദ്ധതിയിലേയ്ക്ക് മാറ്റി പുതുക്കുന്ന സന്ദർഭത്തിൽ

എച്ച്) സാദ്ധ്യമെങ്കിൽഎല്ലാ നിക്ഷേപങ്ങളിലും നിശ്ചിത ഫോറത്തിൽ നോമിനേഷൻ വാങ്ങേണ്ടതാണ്.

ഐ) നിക്ഷേപകൻ / നിക്ഷേപക നോമിനേഷൻ നടത്താൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ, ഈ വിവരം എഴുതി വാങ്ങേണ്ടതാണ്. ഇങ്ങനെ എഴുതി വാങ്ങാത്ത കേസുകളിൽ, നോമിനേഷൻ വ്യവസ്ഥ ലംഘിച്ചതായി കണക്കാക്കുവാൻ ഇടയുണ്ട്. പഴയതും പുതിയതുമായ അക്കൗണ്ടുകളിൽ നോമിനേഷനാണ് നിയമം.

s/d
General Manager